THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

# TERM- 1 : 2022-23
# CLASS: IX MALAYALAM 2ND LANGUAGE (012)
# മലയാളം

*Time allowed : 2hrs* Total Marks : 40
*അനുവദിച്ച സമയം:2 hrs.*
*ആകെ മാർക്ക് : 40*

*General Instructions :* *Date of Exam : -10-2022*

- Please check that this question paper contains 6 printed pages
- Please check that this question paper contains 8 questions
- Please write down the Serial number of the questions before attempting it.
- The question paper is divided in to four sections
  Section A : Reading comprehension
  Vocabulary Building & MCQ : 20 Marks
  Section B : Grammar, Composition
  Literature ( Poetry, Prose & Non detailed ) : 20 Marks
- 15 minutes time has been allotted to read this question paper. The Students will read the question paper only and will not write any answer on the answer-sheet during this period

**I) ഖണ്ഡിക വായിച്ച് താഴെകൊടുത്തിരിക്കുന്ന ഏഴ് ചോദ്യങ്ങളിൽനിന്നും ഏതെങ്കിലും ആറെണ്ണത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും ഓരോ മാർക്കുവീതം)** (6x1=6)

മാനവരാശിയുടെ തന്നെ ഏറ്റവും പഴക്കമുള്ള ഗ്രന്ഥങ്ങളായി അംഗീകരിച്ചിട്ടുള്ളത് വേദങ്ങളാണ്. അറിയുക എന്നർത്ഥമുള്ള വിദ് എന്ന വാക്കിൽ നിന്നുണ്ടായതാണ് വേദം. വേദങ്ങൾ ഈശ്വരൻ സൃഷ്ടിച്ചതാണെന്നും അല്ലെന്നുമുള്ള അഭിപ്രായങ്ങളുണ്ട്. പ്രപഞ്ചത്തിന്റെ ആവിർഭാവത്തോടെയാണ് വേദങ്ങളുടെ വരവെന്നും അവ നമുക്ക് ജ്ഞാനം സിദ്ധിക്കുന്ന അതിലേക്കാണ് എന്ന് വിശ്വസിക്കുന്നു. വേദവ്യാസനാണ് വേദങ്ങളെ നാലായി പകുത്തു എന്ന മറ്റൊരു വിശ്വാസം. അവ ഇങ്ങനെ അറിയപ്പെടുന്നു ഋഗ്വേദം, യജുർവേദം, സാമവേദം അഥർവ്വവേദം ഇവയാണ് അവ. വേദമാണ് ഹിന്ദുക്കളുടെ പ്രമാണം. അത് നിത്യവും സത്യവും ആണെന്ന് അവർ കരുതുന്നു ലോകത്തിലെ പുരാതനമായ സാഹിത്യ ഗ്രന്ഥമാണ് ഋഗ്വേദം. ഇതിൽ സംഹിതകൾ ആണുള്ളത് അവ ദൈവത്തോടുള്ള പ്രാർത്ഥന രൂപത്തിലുള്ള കാവ്യശകലങ്ങൾ ആണ്. യജുർവേദം നിരവധി ഗദ്യ ഭാഗങ്ങളുള്ള വേദം ആണ്. ഇതിൽ പൂജാവിധികൾ ക്കാണ് പ്രാധാന്യം. യജുർവേദത്തിൽ ആണ് യജ്ഞം ആരംഭിക്കുന്നത്. അവസരത്തിൽ ആലപിക്കാനുള്ള ഋഗ്വേദ മന്ത്രങ്ങൾ ആണ് സാമം എന്നുപറയാം. അവ ഗാനാത്മകം ആണ്. സംഗീതകലയുടെ മൂല കേന്ദ്രമാണ് സാമവേദം. ആചാര പ്രയോഗങ്ങൾ വിവരിക്കുന്നതാണ് അഥർവ്വവേദം. ഹൈന്ദവവിശ്വാസപ്രകാരം അനന്തമായ കാലത്തെ പല കാലചക്രങ്ങളായി വിഭജനം ചെയ്യുന്നു. ഇതിൽ ഒട്ടനേകം വർഷങ്ങൾകൂടിയ ഓരോ ഘട്ടത്തെയും ഒരു യുഗം ആയി കണക്കാക്കുന്നു.

**ചോദ്യങ്ങൾ**

a. മാനവരാശിയുടെ ഏറ്റവും പഴക്കമുള്ള ഗ്രന്ഥമായ അംഗീകരിച്ചിട്ടുള്ളത് ഏതിനെയാണ്?

(പുരാണങ്ങൾ, ശാസ്ത്രങ്ങൾ, വേദങ്ങൾ, ഇതിഹാസങ്ങൾ)

b. വേദം ഏത് വാക്കിൽ നിന്ന് ഉണ്ടായതാണ്?

(അറിയുക എന്നർത്ഥമുള്ള വിദ്, വളരുക, തീരുമാനിക്കുക, ദൈവം)

c. വേദങ്ങളെ നാലായി തിരിച്ചത് ആര്?

(ഭരതമുനി, നാരദൻ, വാത്മീകി, വേദവ്യാസൻ)

d. ഋഗ്വേദത്തിൽ ഉള്ളത് എന്ത്?

(സംഹിതകൾ, ചോദ്യങ്ങൾ, വ്യാഖ്യാനങ്ങൾ, കഥകൾ)

e. യജുർവേദത്തിൽ പ്രാധാന്യമുള്ളത് ഏതിന്?

(തത്വങ്ങൾക്ക്, ചിന്തകൾക്ക്, പൂജാവിധികൾക്ക്, ഇതൊന്നുമല്ല)

f. ലോകത്തിലെ ഏറ്റവും പുരാതനമായ സാഹിത്യ ഗ്രന്ഥം ഏത്?

(ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവ്വവേദം)

g. സംഗീതകലയുടെ മൂല കേന്ദ്രം ഏത്

(അഥർവവേദം, സാമവേദം, യജുർവേദം, നാട്യശാസ്ത്രം)

**2. ഏതെങ്കിലും മൂന്നെണ്ണത്തിന് മാത്രം ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക.** (3x1=3)

(a)വണ്ടി എന്ന വാക്കിന്റെ പര്യായ പദം ഏത്?

(ഗതി , ശകടം , കടകം , ചടകം )

(b) മുഖം എന്നർത്ഥം വരാത്ത പദമേത്?

(ലാസ്യം, ആസ്യം, വദനം, ആനനം)

(c) 'തണ്ട്' എന്ന പദത്തിന്റെ നാനാർത്ഥപദം എഴുതുക?

(അഹങ്കാരം , അഭിമാനം, അടവ്, ആകാശം)

(d) വീഥി -വീതി ഇവയുടെ അർത്ഥവ്യത്യാസം വ്യക്തമാക്കുക?

(വഴി , നീളം , വികർണ്ണം , വിസ്താരം )

## 3. ഏതെങ്കിലും രണ്ടെണ്ണത്തിനുമാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക.

**(2 x 1 =2)**

a. രണ്ട് ടാക്കിക്കാർ എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ്?

(നവയുഗോദയം, ഓളവും തീരവും, എന്റെ അനുഭവക്കുറിപ്പുകൾ, നവമഞ്ജരി)

b. ഓർക്കുക വല്ലപ്പോഴും എന്ന കവിത രചിച്ചത് ആര്?

(ഉള്ളൂർ, നിത്യചൈതന്യയതി, പി ഭാസ്കരൻ, എം എൻ വിജയൻ)

c. "കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്ക്

ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല"

കുഞ്ചൻനമ്പ്യാരുടെ ഏത് തുള്ളൽ കൃതിയിലെ വരികളാണിവ?

(കല്യാണസൗഗന്ധികം, ധ്രുവചരിതം, കീചകവധം, രുഗ്മിണീസ്വയംവരം)

## 4.ഏതെങ്കിലും ഒരുഖണ്ഡിക മാത്രം തിരഞ്ഞെടുത്ത് ബ്രാക്കറ്റിൽനിന്ന് ശരിയുത്തരം എഴുതുക. (1×4=4)

(a) അയാൾ ലാഹോറിൽ ഫിലോസഫി പ്രധാനവിഷയമായി എടുത്ത് എം എ ക്ക് പഠിച്ചിരുന്നപ്പോഴാണ് ഇന്ത്യാമഹാരാജ്യത്തിന്റെ വിഭജനമുണ്ടായത്.ഒരു വലിയ ധനികനായിരുന്ന അദ്ദേഹത്തിന്റെ പിതാവും സഹോദരനും വധിക്കപ്പെട്ടു. അമ്മയും മകനും കൂടി ജീവരക്ഷാർഥം ഓടി ഇന്ത്യയിലെത്തി.വന്നുചേർന്നത് ബോംബെയിലാണ്.അപ്പോൾ അയാളുടെ കൈവശം ജീവിത ഭദ്രത നൽകുന്നതിനായി രണ്ട് അനുഗ്രഹങ്ങൾ ഉണ്ടായിരുന്നു – ബാലിഷ്ഠമായ കൈകളും പതറാത്ത മനസ്സും.

i) അയാൾ എം എ ക്ക് പഠിച്ചിരുന്നത് എവിടെ?

(ബോംബെ , പാകിസ്ഥാൻ , പഞ്ചാബ് , ലാഹോർ )

ii) അദ്ദേഹത്തിന്റെ പിതാവും സഹോദരനും വധിക്കപ്പെട്ടത് എങ്ങനെ?

(വിഭജനത്തിൽ ,യുദ്ധത്തിൽ , വരൾച്ചയിൽ , പട്ടിണിയാൽ )

iii) അമ്മയും മകനും ജീവരക്ഷാർഥം ഓടി ഇന്ത്യയിൽ എവിടെയാണ് എത്തിച്ചേർന്നത്?

(ലാഹോർ , ബോംബെ, ഡൽഹി, ബംഗാൾ )

iv)ജീവിത ഭദ്രത നൽകുന്നതിനായി അയാളുടെ കൈവശം ഉണ്ടായിരുന്നത് എന്ത്?

(പണം , സ്വർണം , പതറാത്ത മനസ്സ് , ഭയം)

# അല്ലെങ്കിൽ

B) ആർഭാടമായി ജീവിക്കണം എന്ന കൊതിയാണ് കുട്ടികളുമൊത്ത് ഒരു ചെറുപുരയിൽ പാർത്തിരുന്ന ചെറുപ്പക്കാരനെ അഞ്ചെട്ടു കൊലപാതകങ്ങൾക്ക് പ്രേരിപ്പിച്ചത് എന്ന് അയാൾതന്നെ പറയുന്നു.ആ മനസ്സിൽ ആരെയും കൊല്ലാൻ മടിയില്ലാത്ത ഇരുട്ട് ഉണ്ടായിരുന്നു.ആർഭാടം ഒരു ഉന്മാദാവസ്ഥയാണ്.ആളുകൾക്കോ വീടുകൾക്കോ ചരിത്രത്തിനോ ഉന്മാദം വരാം. ഉന്മാദത്തിൽ ശരി മാത്രമേയുള്ളൂ.

i) കൊലപാതകങ്ങൾ ചെയ്യാൻ ചെറുപ്പക്കാരനെ പ്രേരിപ്പിച്ച ഘടകം എന്ത്?

(പട്ടിണി ', ഭ്രാന്ത് ഭക്ഷണം , ആർഭാടം )

ii)ആർഭാടം ഒരു ...................അവസ്ഥയാണ്.

(ഉന്മാദം, പേടി, പരിഹാസം വിഷമം )

iii) ആർക്കൊക്കെ ഉന്മാദം വരാം?

( ചരിത്രത്തിന് കാലത്തിന്, നിമിഷത്തിന്, ദിവസത്തിന് )

iv) ശരിയായ വാക്ക് ഏത്?

( ആർഭാടം , ആർബാടം, ആർപാടം, ആർഫാടം)

# ബി വിഭാഗം / SECTION B

**5. (a). പ്രയോഗം മാറ്റുക** (1x1=1)

1. വെള്ളായിയപ്പൻ അന്നം നിലത്തേക്ക് എറിഞ്ഞു.

**(b). അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക.** (1x1=1)

1. സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടുവരുന്ന കച്ചവടക്കാർ ഒരു കൈതോട്ടിൽ വച്ച് മുങ്ങിപ്പോയി.

**(c). വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** 1x1=1)

1. ഭാരതയുദ്ധം തുടങ്ങുമ്പോൾ രണ്ടു ചേരിക്കാരും തമ്മിൽ പരസ്പരം ചെയ്ത കരാർ ഇപ്രകാരമായിരുന്നു.

**(d). അർത്ഥം മാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** (1x1=1)

1. അസ്തമയത്തിലൂടെ പാടത്തേക്ക് ഇറങ്ങി നടക്കുന്ന സ്വന്തം അപ്പനെ ഓർത്തു.

**(e). ഏതെങ്കിലും ഒന്ന് ആശയം വ്യക്തമാകും വിധം വാക്യത്തിൽ പ്രയോഗിക്കുക.** (1x1=1)

1.അത്ഭുതപ്പെടുക 2. പതുക്കെ പറഞ്ഞു

## 6. ഒന്നരപുറത്തിൽക്കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്കു വീതം.

(a). ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. (1x5=5)

1. വിദ്യാഭ്യാസത്തിൽ പഠനയാത്രകൾക്കുള്ള പ്രാധാന്യം..

2. ലഹരിവസ്തുക്കളുടെ ഉപയോഗം വിദ്യാർത്ഥികളിൽ.

(b) കേരളം നേരിടുന്ന ഒരു പ്രശ്നത്തെക്കുറിച്ച് പത്രറിപ്പോർട്ട് തയ്യാറാക്കുക? (1x5=5)

## 7. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് മാത്രം ഉത്തരമെഴുതുക.ഓരോന്നിനും 3 മാർക്ക് വീതം. (2x3=6)

1. 'പെട്ടെന്ന് തോന്നിയത് ലോകം തവിടുപൊടിയായിപ്പോയന്നാണ് ' ഈ തോന്നലിന് കാരണമായ സന്ദർഭം ഏത്?.

2. കാളയും വണ്ടിക്കാരനും വിശ്രമമില്ലാതെ രാപ്പകൽ യാത്രയാണ്. ആ യാത്ര എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നത് എന്തായിരിക്കും?

3. "ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു." ഈ വാക്യത്തിന്റെ അർത്ഥവ്യാപ്തി കണ്ടെത്തുക?

4. "കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്ക്

ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല
കിട്ടിയതൊന്നും മതിയല്ല പിന്നെയും
കിട്ടിയാലും മതിയല്ല ദുരാഗ്രഹം"

ആർഭാടം ഒരു ഉന്മാദാവസ്ഥയാണ്.
beg, Borrow or steal എന്നതാണ് മുദ്രാവാക്യം
കുഞ്ചൻനമ്പ്യാരുടെ വരികളിലെ ആശയവും ലേഖകന്റെ നിരീക്ഷണവും താരതമ്യം ചെയ്ത് വിശദീകരിക്കുക?

## 8. ഏതെങ്കിലും രണ്ടു ചോദ്യത്തിനു മാത്രം ഉത്തരമെഴുതുക.

(2x2=4)

1.ഭുവനേശ്വരിദേവി കുട്ടിക്ക് കണ്ടെത്തിയ പേര് എന്തായിരുന്നു? ആ പേരിടാനുള്ള കാരണം എന്ത്?

2.നരേന്ദ്രന് സന്യാസിമാരോടുള്ള അടുപ്പം വ്യക്തമാക്കുന്ന സംഭവം വിവരിക്കുക?

3. ഏകാന്ത ദ്യാനത്തിലിരിക്കുന്ന നരേന്ദ്രൻ പരിസരം മറക്കും.ഇങ്ങനെ പറയാനുള്ള കാരണം എന്ത്?

4.അധ്യാപകരെ അത്ഭുതപ്പെടുത്തിയ നരേന്ദ്രന്റെ പ്രവൃത്തി എന്ത്?